little KITEs

2019-2020

# THE BARDS OF TECH

## THE KITE RUNNERS

## H.S.S. PANANGAD
## THRISSUR

*Digital Magazine*







# സന്ദേശം

പനങ്ങാട് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ രണ്ടാമത്തെ ഡിജിറ്റൽ മാഗസിനായ *"The Bards of Tech"* പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു പാഠ്യ – പാഠ്യേതരങ്ങൾ എല്ലാം തന്നെ ഡിജിറ്റൽ രൂപത്തിലേക്ക് മാറുന്ന ആധുനിക കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മാറിവരുന്ന തലമുറക്ക് ഒരു മുതൽക്കൂട്ടവട്ടെ *"The Bards of Tech"* എന്ന് ആശംസിക്കുന്നു. ഡിജിറ്റൽ മാഗസിന് നേതൃത്വം വഹിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും പങ്കളികളായ വിദ്യാർത്ഥികൾക്കും അഭിന്ദനങ്ങൾ നേർന്നുകൊണ്ട്............

ഒ സി മുരളീധരൻ

ഹെഡ്മാസ്റ്റർ

എച്ച് എസ് എസ് പനങ്ങാട്

# EDITORIAL

*The existence of the inherent qualities of men depends up on mutual love. Affection, separation, togetherness ,loneliness etc are the outcome of true love. On the basis of these emotional thoughts, all the scrumptious literary miscreations come out .Love ensconces in the field of literary world. Modern technologies are at the highest peak. Even then creations have no boundary. On the light of these cogitation the blooming buds of Little Kites from HSS Panangad render the E-magazine "The Bards of Tech"*

**M V Vivek**

**Chief Editor**

# പ്രവേശനോത്സവത്തിൽ നിന്ന്



# *Story behind Zero*

*" Zero" and its operation are first defined by Hindu astronomer and mathematician Bhrahmaguptha in 628.Said Gohets .........But the creation of Zero as a number in its own right , which envolved from the placeholder dot. Symbol found in the Bakshali manuscript was one of greatest break thoughts in the history of mathematics*



## Still I Love you

**I sitting near my window in cold night**
**A drops falls on my cheeks**
**Then i think about my love**
**The one who always be with me**
**He cried me a lot but**
**Slowly slowly I accept him**
**I realised that he will love me**
**How much I hate him**
**That much he loved me**
**Now I Know he will never leave me**
**When one day he want  love from me**
**He never leave me alone**
**We live together**
**I know how loveable he is**
**The time he go to death**
**He carries me too**
**But still I love you**

**Anjana**

**IX  A**

# ഓണാഘോഷത്തിൽ നിന്ന്







## My King

**My Life's King is**

**My Father**

**My first and best hero**

**He is the most loving and caring**

**He is the strongest I ever seen**

**I found on this carth**

**The strongest hand is yours**

**You can't give me everything**

**But I unknowingly blessed with god**

**By having you as everything to me**

**From my heart,**

**I want to say**

**I am so glad you are my father**

**You are my first crush and**

**Real hero**

**Devinandana C.J**

**IX A**

# THE SUN

**Sun is located at the centre of the solar system. It is a star, like the one you see in the night sky. A burning ball of gas, made of mostly hydrogen and helium, it provides us with the heart we need to survive. Energy is constantly being generated deep within the sun. The width of the sun is 1,392,684 km**

**Nivedhya Prasad**
**V A**



## ഉഴവുപാട്ട്

തൈതിനം താരോ തൈതിനം താരോ

തൈതിനം തൈതിനം തൈതിനം താരോ

കല്ലേലിരിക്കുന്ന കല്ലേരി ഞണ്ടേ

കല്ലേന്നൊട്ടപ്പുറം മാറീരി ഞണ്ടേ

കല്ലേലിക്കണ്ടത്തിലാളെറങ്ങട്ടേ

കല്ലേന്നൊട്ടപ്പുറം മാറിരിഞണ്ടേ

കല്ലേലിക്കണ്ടോന്നു പൂട്ടട്ടെ ഞണ്ടേ

കല്ലേന്നൊട്ടപ്പുറം മാറിരിഞണ്ടേ

കല്ലേലിക്കണ്ടം വെതയ്ക്കട്ടെ ഞണ്ടേ

കല്ലേന്നൊട്ടപ്പുറം മാറിരിഞണ്ടേ

ഷഹർബാൻ (സംമ്പാതകൻ)
**V A**

## ടാലന്റ് ലാബ്







## കിളിയാട്ടുപാട്ട്

കറുത്തപ്പെണ്ണേ, കരിങ്കുഴലീ

നിനക്കൊരുത്തൻ കിഴക്കുദിച്ചു

കാട്ടു വെട്ടി തിന വിതച്ചു

തിന തിന്നാൻ കിളിയിറങ്ങി

കിളിയാട്ടാൻ അവളിറങ്ങി

അവളകയ്യിൽ വളകിലുങ്ങി

വളകിലുങ്ങി, കിളിപറന്നു

കിളികളെല്ലാം മലകടന്നു

കറുത്തപ്പെണ്ണേ, കരിങ്കുഴലീ

നിനക്കൊരുത്തൻ കിഴക്കുദിച്ചു

**അർച്ചന കെ എസ് (സംമ്പാതകൻ)**

**VI A**

## ക്ലബ്ബ് പ്രവർത്തനങ്ങളിൽ നിന്ന്








FRST PRIZE
ANAGHA P.P
SECOND PRIZE







## സാഹിത്യരചനകൾ ചിതലരിക്കുന്നില്ല

മലയാളിയുടെ വായനാമുറിയിലെ പുസ്തകങ്ങളെല്ലാം ഇന്ന് വിരൽ തുമ്പിൽ ലഭ്യമായിരിക്കുന്നു.നമ്മുടെ സാങ്കേതികവിദ്യ, അവയെല്ലാം ഇന്റെർനെറ്റ് എന്ന ജാലവിദ്യയിലൂടെ നമ്മുടെ മുന്നിലെത്തിച്ചുതരുന്നു.പുസ്തകങ്ങൾ അന്വേഷിച്ച് വായനശാലകൾ താണ്ടി നടക്കേണ്ട....വിരലൊന്നമർത്തിയാൽ മതി സാഹിത്യനഭസിന്റെ വാതിൽ തുറക്കുകയായി കഥകളും കവിതകളും കളിയും ചിരിയുമായി വിശാലസാഹിത്യ ലോകം അവനവനായി തുറന്നിട്ടിരിക്കുന്നു.മലയാളിയുടെ വായനാശീലത്തിന് ലഭിച്ച അനുഗ്രഹമാണ് സാങ്കേതികവിദ്യയുടെ കടന്നുവരവ്
പണ്ട് നാം കേട്ട് വളർന്ന മുത്തശ്ശികഥകൾ മുതൽ വിശ്വവിഖ്യാതമായ രചനകൾ വരെ പലരൂപത്തിൽ ഇന്ന് ലഭ്യമാണ്.കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലും ടെലിവിഷനിലുമൊക്കെയായി ദൃശ്യരൂപത്തിലും ശ്രവ്യരൂപത്തിലും ലിഖിതരൂപത്തിലും ഇന്ന് സാഹിത്യകൃതികൾ നമ്മിലേക്കെത്തുന്നു.ഒരു കാലത്ത് സാഹിത്യരചനകളുടെ ദൃശ്യാവിഷ്കാരങ്ങൾ ടെലിവിഷനിലൂടെ നമ്മുടെ സ്വീകരണമുറിയിലെത്തിയെങ്കിൽ, ഇന്റെർനെറ്റിന്റെ വരവോടെ അത്  കമ്പ്യൂട്ടറുകളിലും ടാബുകളിലും മൊബൈൽഫോണിലുമൊക്കെയായി നമുക്കൊപ്പം യാത്രയാകുന്നു.
സാങ്കേതികവിദ്യയുടെ വിപ്ളവകരമായ കടന്നുകയറ്റം മലയാളിയുടെ വായനാശീലത്തെ മാത്രമല്ല ചിന്തയേയും ഭാവനയേയും വല്ലാതെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു.വായിച്ചറിഞ്ഞകഥാപാത്രങ്ങൾ മജ്ജയും മാംസവുമുള്ള കഥാപാത്രങ്ങളായി നമ്മിലേയ്ക്കാഴ്ന്നിറങ്ങുന്നു.ആസ്വാദകന്റെ ചിന്താമണ്ഡലത്തിലേയ്ക്ക് കഥാപാത്രങ്ങളുടെ ഈ കടന്നുകയറ്റം ജീവിതമുഹൂർത്തങ്ങളെ യാഥാർത്ഥ്യബോധത്തോടെ വരച്ചുകാട്ടുന്നു.നമ്മൾ കേട്ടുമറന്ന കഥാപാത്രങ്ങളെ കൺമുന്നിൽ കാണുന്നത് അങ്ങേയറ്റം നവ്യമായ അനുഭൂതിയാണ് ർന്നു നൽകുന്നത്.

ചെമ്മീനിലെ കറുത്തമ്മയും പരീക്കുട്ടിയും വിശ്വവിഖ്യാതമാ മൂക്കിലെ മൂക്കനും ഭൂമിയുടെ അവകാശികളിലെ ബഷീറും ഭാര്യയും അങ്ങനെ നിരവധി സാഹിത്യകൃതികളിലെ കഥാപാത്രങ്ങൾ ഓരോ മലയാളിക്കും ചിരപരിചിതമാണ്.കാലങ്ങൾക്കുമുമ്പ് സിനിമകളിലൂടേയും മറ്റും ദൃശ്യാവിഷ്കാരം നടന്നിരുന്നത് ടെലിഫിലിം, ഡോക്യുമെന്ററി, ഷോട്ട് ഫിലിം, അനിമേഷൻ കഥകൾ തുടങ്ങി പലരൂപത്തിലും കഥാപാത്രങ്ങൾ നമ്മുടെ മുമ്പിലെത്തുന്നു.

എന്നാൽ ഇന്റർനെറ്റിന്റെ വരവോടെ സാഹിത്യലോകം വായനക്കാരനുമായി കൂടുതൽ അടുത്തു.ഒരു വിരൽ സ്പർശം മതി അറിവിന്റെ ലോകം അവനുമുമ്പിൽ തുറക്കുകയായി.സാഹിത്യകൃതികൾ മാത്രമല്ല സാഹിത്യകാരന്മാരെക്കുറിച്ചും അവരുടെ രൂപവും കുടുംബവും കൈയ്യക്ഷരവുമെല്ലാം മലയാളിയുടെ മനസ്സിലേക്ക് ആഴ്ന്നിറങ്ങി.

തങ്ങളുടെ പ്രിയപ്പെട്ട രചനകളെക്കുറിച്ചോ എഴുത്തുകാരെക്കുറിച്ചോ എന്തറിയാനാണെങ്കിലും വിക്കീപീഡിയയും ഗൂഗിളിലുമൊക്കെ അറിവിന്റെ മായാലോകവുമായി നമ്മുടെ മുന്നിലുണ്ട്.ഇങ്ങനെ അറിവിന്റേയും സാഹിത്യത്തിന്റേയും ലോകത്തേയ്ക്കുള്ള നടന്നുകയറ്റം ഏറ്റവും സാധ്യമായത് ഇലട്രോണിക്ക് മാധ്യമങ്ങളുടെ സഹായത്തോടെയുള്ള വായനയാണ് e - വായന എഴുത്തുകാരുടെ രചനകൾ മിക്കവയും ഇതിലൂടെ നമുക്ക് ആസ്വദിക്കാൻ കഴിയും എത്ര വലുപ്പമുള്ള രചനകളും ഇന്ന് pdf രൂപത്തിൽ ലഭ്യമാണ്.അതുകൊണ്ടുതന്നെ മെമ്മറികാർഡിലും പെൻഡ്രൈവിലുമൊക്കെയായി നമുക്കിഷ്ടപ്പെട്ട രചനകൾ സൂക്ഷിക്കാനും കഴിയുന്നു. സാഹിത്യാഭിരുചിയുള്ളവർക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും എഴുതുവാനും അത് മറ്റുള്ളവരിലേയ്ക്ക് എത്തിക്കുവാനും അനന്തസാധ്യതകളാണ് സാങ്കേതിക വിദ്യയുടെ വരവോടെ സാഹിത്യലോകത്തിന് ലഭിച്ചത്.

പ്രശസ്തരായ പല എഴുത്തുകാരും തങ്ങളുടെ ആദ്യകാലരചനകൾ പ്രസിദ്ധീകരിച്ചുകാണുവാൻ കാത്തിരുന്ന അനുഭവങ്ങളും ദുരനുഭവങ്ങളും പങ്കുവെച്ചിട്ടുണ്ട്.എന്നാൽ ഇന്ന് ബ്ലോഗുകളും ഫേസ്ബുക്ക് പേജുകളും സാഹിത്യസംബന്ധമായ പല വെബ്സൈറ്റുകളും പുതിയ എഴുത്തുകാർക്ക്

അവസരങ്ങൾ നൽകുന്നു.Sheni blog, maths blog സ്വാന്ദനം blog തുടങ്ങിയ നിരവധി ബ്ലോഗുകൾ നിലവിലുണ്ട്.ഇവയെല്ലാം പഠന വിഷയത്തെ കൂടതൽ അറിയാനും അധികവായനയ്ക്ക് ഉപകരിക്കുന്നു.

സാഹിത്യം, മലയാളസാഹിത്യലോകം, പ്രതിലിപി അക്ഷരക്കൂട്ടം കവിതകൾ, M guru, Story Weaver എന്നിങ്ങനെ face book പേജുകളും mobile app കളും പുതിയ എഴുത്തുകാർക്ക് പ്രേരണയാകുന്നതോടെ e – വായനയുടേയും വിശാലലോകത്തേയ്ക്ക് നമ്മെകൊണ്ടുപോകുന്നു.

ഡി.സി ബുക്സ്, കറന്റ് ബുക്സ് , പെൻബുക്സ് തുടങ്ങിയ പ്രശസ്തരായ പ്രസാധകരുടെ പഴയതും പുതിയതുമായ പുസ്തകങ്ങൾ വിരൽതുമ്പിലൂടെ പരിചയപ്പെടാനും വാങ്ങുവാനും ഇന്ന് സാധിക്കുന്നതും സാങ്കേതികവിദ്യയുടെ വരവോടെയാണ്.പുസ്തകങ്ങളെക്കുറിച്ചുള്ള അവലോകനവും സാഹിത്യരംഗത്തെ നവീന പ്രവണകളുമെല്ലാം ഇന്ന് വിവരസാങ്കേതിക വിദ്യയുടെ പ്രഭാവത്താൽ നമുക്ക് ലഭ്യമാണ്.

സഞ്ചാരസാഹിത്യത്തിന്റെ ദൃശ്യരൂപങ്ങൾ അറിവിനോടൊപ്പം യാത്രയുടെ അനുഭവവും പകർന്നു നൽകുന്നു.എന്റെ സഞ്ചാരങ്ങൾ എന്ന മലയാളം ട്രാവലർ ബ്ലോഗ് അതിനുദാഹരണമാണ്.ആനിമേഷൻ രൂപത്തിൽ പലകഥകളും നമുക്ക് സാഹിത്യത്ത്ൽ മാത്രമല്ല  പുരാണങ്ങളിലും ചരിത്രത്തിലും കാണാൻ സാധിക്കുന്നുണ്ട്.വിശ്വവിഖ്യാതമായ മൂക്ക് ഭൂമിയുടെ അവകാശികൾ എന്നിവ സാഹിത്യത്തിലെ എടുത്തുപറയേണ്ട കൃതികളാണ്.കൃഷ്ണകഥകളും രാമായണം മഹാഭാരതം തെന്നാലിരാമൻകഥകൾ പഞ്ചതന്ത്രകഥൾ അങ്ങനെ കേട്ടുപരിചയിച്ച പലകഥകളും ഭവനയ്ക്കനുസരിച്ച് കാണുന്നതിനും സാങ്കേതികവിദ്യ വളർന്നുകഴിഞ്ഞു.ശ്രമിച്ചാൽ നമ്മുടെ കുട്ടികൾക്കും അനിമേഷൻ വീഡിയോ ഉണ്ടാക്കുന്നതിനുള്ള കൈത്താങ്ങ് ഇന്നത്തെ വിദ്യാഭ്യാസം നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ പഠനത്തോടൊപ്പം വിദ്യാർത്ഥികൾ സാങ്കേതിക ജ്ഞാനവും ആർജ്ജിക്കേണ്ടതാണ്. ഇന്നത്തെ മാറുന്ന സാഹചര്യത്തിൽ ഏതൊരാൾക്കും ഇന്റർ

നെറ്റിലൂടെ അറിവുകൾ  നേടാനും തന്റെ കഴിവുകൾമറ്റുള്ളവരിലേക്ക് എത്തിക്കുവാനും കഴിയുന്നു.

സ്കൂളുകളിൽ സാഹിത്യപഠനം ആസ്വാദ്യകരമാക്കാൻസാങ്കേതിക വിദ്യക്ക് വലിയ പങ്കാണുള്ളത്. വിനോദത്തോടപ്പം വിജ്ഞാനവും സാങ്കേതികരംഗം പകർന്നു നൽകുന്നുണ്ട്.പഠനത്തേയും അധ്യാപനത്തെയും ആസ്വാദനത്തെയും സാങ്കേതിക മേഖല ഒരുപോലെ സ്വാദീനിച്ചിട്ടുണ്ട്

കഥയുടെ ദൃശ്യരൂപം കണ്ട് പഠിക്കുമ്പോളും, കവിതയുടെ ഹൃദ്യമായതും ഭാവയുക്തമായതുമായ ആലാപനങ്ങൾ ഇന്ന് വിവിധ വെബ്സൈറ്റുകളിൽ ലഭ്യമാണ്.ഉദാഹരണം പത്താം ക്ലാസിലെ കടൽ തീരത്ത്, പ്രലോഭനം, പാവങ്ങൾ, ഒ വിവിജയന്റെ കടൽതീരത്ത് എന്ന കഥയുടെ ദൃശ്യാവിഷ്ക്കാരം കണ്ടാൽ മാത്രം മതി ആ പാഠം ഭാവഭംഗിയോടെ മനസിലാക്കുവാൻ. ഇതു കൂടാതെ വിവിധ താളത്തിലും ഭാവത്തിലും കവിതകൾ പാടുവാനും അവ ഓഡാസിറ്റിയുടെ സഹായത്തതോടെ റെക്കോർഡ് ചെയ്യുവാനും വീണ്ടും വീണ്ടും കേൾക്കുവാനും എഡിറ്റ് ചെയ്യുവാനും സാങ്കേതികവിദ്യ സഹായകരമാക്കുന്നു. ഈ കവിതകൾക്ക് സുന്ദരമായ വീഡിയോ ഉണ്ടാക്കാൻ ഓപ്പൺ ഷോട്ട് വീഡിയോ എഡിറ്റർ കെഡൻ ലൈവ് തുടങ്ങിയ സോഫ്റ്റ്വെയറുകൾ സഹായിക്കുന്നു.പ

പാഠഭാഗങ്ങൾ വേഗത്തിൽ മനസ്സിലാക്കാനും കൂടുതൽ പ്രവർത്തനം ചെയ്ത് പഠിക്കാനും സമഗ്ര എന്ന പേർട്ടൽ നമ്മുക്ക് സഹായകരമാണ്.വിദ്യാർത്ഥികൾ ക്കുംമാതാപിതാക്കൾക്കും സമഗ്ര വളരെയധികം പ്രയോജനമാണ്

മനസ്സുകൊണ്ട് ചിന്തിക്കാൻ കഴിയാത്ത അത്രയും രചനാവൈശിഷ്ട്യം നിറഞ്ഞതാണ് പ്രപഞ്ചം. പ്രപഞ്ചത്തിലും സാഹ്യമുണ്ട്. നാം നോക്കികാണുന്ന ഓരോന്നിലും സാബിത്യത്തെ ദർശിക്കാൻ സാധിക്കും. കേവലം മനുഷ്യരാശി മാത്രമല്ല........... അകിടപതംഗങ്ങളും സാഹിത്യ ശാഖയിൽ ഉൾപ്പെടുന്നു.

സിംപിൾ വി ആർ

എച്ച് എസ് എ മലയാളം

## ഞാറുനടീൽ പാട്ട്

എണ്ണക്കറുമ്പി പെണ്ണാളാപ്പാടത്ത്

കിന്നാരം പറഞ്ഞോണ്ടു

പൂന്നാരം ഞാറു നട്ടു

തെയ് തനം താരാ, തൈതനം താരാ.....

ഏഴിലം കരിമ്പന പൂത്തതു പോലവൾ

തെയ് തനം താരാ ............തെയ്തനം താരാ...............

ഏറെ നേരത്തേക്കതു പൂ.....................

ച്ചന്തച്ചിരി ചിരിച്ചു

തെയ്തനം താരാ........തെയ്തനം താരാ

തെക്കൻ പാട്ടിന്റെ ശീലുകൾ പാടീട്ട്

തെയ്തനം താരാ  തെയ്തനം താരാ..........

മച്ചമ്പിമാരെ കെട്ടാൻ മാറാളി പെണ്ണാള്

കള്ളക്കണ്ണോടിട്ടു നോക്കുന്നുണ്ടേ

തെയ്തനം താരാ......തെയ്തനം താരാ

ഫാത്തിമത്ത് ഹൗവ്വ (സംമ്പാതകൻ)

**VI A**

## *Pictographic Script*

Pictography is a form of Writing which uses representational, pictorial drawings, similarly to cuneiform  and to some extent, hieroglyphic writing, which also uses drawings as phonetic letter or determinative rhymes. Some pictograms, such as Hazards pictograms, are elements of formal languages. Pictograph has a rather different meaning in the field of prehistoric art, including recent art by traditional



societies and then means art painted on rock surfaces, as opposed to petroglyphs. The latter are carved or incised. Such images may not be considered pictograms in the general.

**ABDULLA**

**X B**

## ജില്ലാതല ക്വിസ് മത്സരത്തിൽ നിന്ന്








## സമ്മാനം

നേരം സന്ധ്യയാകാറായി.........ഇത്രനേരമായിട്ടും അച്ഛനെ കാണുന്നില്ലല്ലോന്ന് അമ്മയുടെ അടുത്ത് ഞാൻ കുറേ നേരമായി പറയുന്നു......നാളെ എന്റെ പിറന്നാളാണെന്ന് അച്ഛൻ മറന്നുവോ ?അച്ഛൻ ടൗണിൽ നിന്ന് വരുമ്പോൾ ഞാനൊരു സാധനം കൊണ്ടുവരാൻ പറഞ്ഞിട്ടുണ്ട്.അച്ഛൻ മറക്കുമോ?ഏയ് ഇല്ല ! അമ്മ പറഞ്ഞു അച്ഛനോട് മോൻ കുറേ പറയും ടൗണിൽ പോവുകയല്ലേ എന്തെങ്കിലും കളിപ്പാട്ടം വാങ്ങിക്കാൻ.കുറേ കളിപ്പാട്ടം വീട്ടിലുണ്ട് പിനെന്തിനാ വെറുതെ കാശ് ചിലവാക്കി വാങ്ങണ്ട.അതുകൊണ്ട് ഞാൻ അച്ഛൻ ഇറങ്ങാൻ നേരത്ത് ചെവിയിൽ പറഞ്ഞത്.സന്ധ്യ ഇരുട്ടി.അച്ഛൻ ഇനിയും വന്നില്ല! അമ്മ പറഞ്ഞു മോനേ നേരം ഇത്രയുമായില്ലേ ഇനി അച്ഛനെ കാക്കണ്ട വാ ....വന്ന് കിടക്ക് ആ അമ്മ ദാ വരുന്നു ഞാൻ വിഷമിച്ച് കിടന്നു. നേരം വെളുക്കട്ടെ എന്നിട്ട് ആലോചിക്കാം .......

സൂര്യന്റെ വെട്ടം പതിയെ ഉദിച്ചുവരുന്നു......കോഴി കൂവി......അമ്മ ഉറക്കെ എന്നെ മയക്കത്തിൽ നിന്ന് വിളിച്ച് മോനെ അച്ഛൻ എത്തി....ഞാൻ ഒരു ഉറക്കക്ഷീണം ഒന്നുമില്ലാതെ ചാടി എഴുന്നേറ്റു...എവിടെ എവിടെ....ഞാൻ ചോദിച്ചു.....അച്ഛന്റെ വണ്ടിയുടെ ഹോണടികേട്ടു....ഞാനോടി ഉമ്മറത്തേയ്ക്ക് ചെന്നു.....അച്ഛാ......ഞാൻ ചോദിച്ച അച്ഛാ ഞാൻ പറഞ്ഞത് ....അച്ഛൻ പറഞ്ഞു ഞാൻ ഒന്നു കുളിക്കട്ടെ എന്നിട്ട് എന്തെങ്കിലും കഴിച്ചിട്ടാവാം ഞാൻ അച്ഛന്റെ കയ്യിലൊരു ബാസ്കറ്റ് കണ്ടു. എല്ലാം കഴിഞ്ഞു ഞാൻ ചോദിച്ചു.അച്ഛാ! അച്ഛനു കാര്യം മനസ്സിലായി
അച്ഛൻ പറഞ്ഞു വാ ഞാൻ ഒന്നു കാണിച്ച് തരാം അച്ഛൻ എന്നെ റൂമിലേയ്ക്കക്ക് കൂട്ടികൊണ്ടുപോയി.അവിടെയെത്തിയപ്പോൾ അച്ഛൻ കൊണ്ടുവന്ന ആ ബാസ്കറ്റ് പതിയെ തുറന്നു അതിൽ നിന്നുമൊരുശബ്ദം ബൗ ബൗ ഞാൻ

എത്തിച്ചുനോക്കിയപ്പോൾ ഒരു കുഞ്ഞുപട്ടികുട്ടി എനിക്കതിനെ നന്നേ പിടിച്ചു.ഞാൻ അതിന് കഴിക്കാൻ ഭക്ഷണം കുടിക്കാൻ പാൽ കൊടുത്തു.അങ്ങനെ ഞങ്ങൾ അതിനെ പരിചരിച്ചു !അത് എന്റെ ജീവിതത്തിൽ എറ്റവും നല്ല സമ്മാനമായിരുന്നു

## കവളപ്പാറയിലേയ്ക്കും പുത്തുമലയിലേക്കും കൈതാങ്ങ്







### പ്രളയംതളർത്തിയ ജീവിതങ്ങൾ

കോരിചൊരിയുന്ന മഴ എല്ലായിപ്പോഴും സംഭവിക്കാറുള്ള മഴ അങ്ങിനെയാണ് അപ്പുവും അനിയത്തി അമ്മുവും കരുതിയത്. മഴയുടെ താണ്ഡവം അവരിൽ ഭീതിയും അത്ഭുതവും നിറച്ചു. വെളുത്ത നൂലിഴ പോലുള്ള മഴ നിമിഷനേരംകൊണ്ട് കവിഞ്ഞൊഴുകുന്ന പുഴ പോലെയാകുന്നു. നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു കൊച്ചുദ്വീപ്. അവിടെ ആയിരുന്നു അച്ചുവിന്റെ താമസം അമ്മു ആദ്യമായി സ്കൂളിലെക്ക് പോകാനൊരുങ്ങുകയായിരുന്നു.മഴയുടെ ശബ്ദകാഹളം അമ്മു കരുതി തന്റെ സ്കൂൾ യാത്രക്ക് പ്രകൃതിയുടെ ആശിർവാദമാണെന്ന്. അവൾ സന്തോഷത്താൽ തുള്ളിചാടി. പക്ഷേ അവളുടെ സന്തോഷം നിമിഷങ്ങൾ മാത്രമായി ചുരുങ്ങി. അമ്മുവിന്റെ വീടും പരിസരവും വെള്ളത്തിൽ നിറഞ്ഞു. രക്ഷപ്പെടാൻ അവർ ആവുന്നത്ര ശ്രമിച്ചു. ശ്രമം വിജയിച്ചില്ല.അയൽക്കാരും കൂട്ടുകാരും അവരെ സഹായിച്ചു.ഒരുമിച്ചുനിന്ന അവർ എല്ലാവരും വിജയിച്ചു എന്നുമാത്രമല്ല ഒരുമയിലൂടെ വിജയിക്കാമെന്ന പാഠം നമ്മെ ഓർമിപ്പിക്ക കൂടി ചെയ്തു.

പ്രകൃതിയുടെ ആർദ്ര ഭാവം അതിജീവിച്ച് അവർ സുരക്ഷാകേന്ദ്രത്തിലെത്തി. അവിടെ എത്തിയ അവർ അറിയാനിടയായത് തങ്ങളുടെ കൂട്ടുകാരുടെ വേർപാടുകളും നഷ്ടങ്ങളുമാണ്. കൂടാതെ സുരക്ഷാകേന്ദ്രത്തിലേക്കുള്ള യാത്രയിൽ അവർ ഇന്നുവരെ

കാണാത്ത ഒരു അത്ഭുത ദൃശ്യം കണ്ടു. ഒരു പാമ്പിന്റെ കൂടെ എലിയും , കീരിയും. ആർക്കും അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. ആജന്മ ശത്രുക്കളായ ജീവികൾ പോലും പ്രളയത്തിൽമറ്റുള്ളവർക്കു കൈതാങ്ങാകുന്നു. പക്ഷേ ആ ദൃശ്യം നിമിഷങ്ങൾക്കകം അവരിൽ നിന്ന് അകന്നു. കാരണം പ്രളയത്തിന്റെ ഉത്തരവാദിയായ മനുഷ്യൻ ജീവൻരക്ഷിക്കുന്നതിനിടക്കും മൊബയിലെടുത്ത് അവരുടെ ചിത്രെ പകർത്തി. ചിത്രം ലഭിച്ച മനുഷ്യൻ അത് ഫെയ്സ് ബുക്കിലിടുകയും തുടർന്ന് പാമ്പിനെയും കീരിയെയും ഒരു നിർദാക്ഷിണ്യം കൂടാതെ കൊലപ്പെടുത്തി. പ്രകൃതിയില് ജീവിക്കാൻഎല്ലാ ജീവജാലങ്ങൾക്കും അവകാശമുണ്ടെന്ന കാര്യം അവൻ മറന്നു. ഒരുപാട് ഹൃദയം നടുങ്ങുന്ന രംഗങ്ങളിലൂടെ അമ്മുവും അപ്പുവും കടന്നു പോയി.സുരക്ഷാ കേന്ദ്രത്തിൽ പാവപ്പെട്ടവനോ പണക്കാരനോ എന്ന വേർത്തിരിവ് അവർ കണ്ടില്ല. എല്ലാവരും പരസ്പര സൗഹൃദത്തിൽ അവിടെ കഴിഞ്ഞു.പതുകെ പതുതെ ഓരോ കുരുന്നുകളുടെയും മുതിർന്നവരുടെയും മനസിൽ ഒരു പ്രതീക്ഷയുടെ ഒരു മുള വളർന്നു.തളർത്തിയ നമ്മുടെ ജീവിതങ്ങൾ തിരിച്ചുപിടിക്കാം എന്ന പ്രതീക്ഷയോടെ അവർ ദിവസങ്ങൾ തള്ളി നീക്കി.മഴയുടെ ശാന്തതയിൽ ഓരോരുത്തരും അവരുടെ വീടുകളിലേക്ക് യാത്രയായി.

വീടുകളിലെത്തിയ ഓരോരുത്തരും കണ്ട കാഴ്ച ഹൃദയം പിളർക്കുന്നതായിരുന്നു. തങ്ങളുടെ വീടുകളുടെ സ്ഥാനത്ത് കുറെ മൺകൂനകൾ മാത്രം

ബാക്കി.അപ്പുവും അമ്മുവും മത്സരിച്ച് വളർത്തിയ പൂചെടികൾ അനാഥ ജൻമങ്ങളെ പോലെ ഉണങ്ങി കരിഞ്ഞ് നിൽക്കുന്നു.വൃക്ഷങ്ങൾ തലങ്ങും വിലങ്ങും വീണ്ക്കിടക്കുന്നു. അവരുടെ ഹൃദയം നിമിഷങ്ങളോളം നിശ്ചലമാക്കപ്പെട്ടതുപോലെ തോന്നി.അപ്പോഴും അവരുടെ മനസ്സിൽ ഹരിത മുള വളരുകയായിരുന്നു.ദൈവത്തിന്റെ 4 സ്വന്തംനടായ എന്റെ കേരളത്തെ പുനർജീവിപ്പിക്കുമെന്ന് ഓരോ കുരുന്നുകളും പ്രതിജ്ഞയെടുത്തു. മഴയുടെ രൗദ്ര താണ്ഡവത്തിനു ശേഷം

ഉമ എൻ യു

**IX C**

# ജീവിതം

വേർപിരിയുന്ന നമ്മളും കൊഴിയുന്ന

പൂവിന്റെ  ഇതളു പോലെ

ഒഴുകി യകലുന്ന നമ്മളും ഒരു

കൊച്ചു നീറുവപോലെ യെങ്ങോ

ഒഴുകിയാക്കടലന്റെ മാറിലേക്കൊഴുകുന്ന

ഒരു ചെറു നീരുവപോലെ

ഭദ്ര പി കെ

**VIII A**



**ഒരു പെരുമഴക്കാലം**

സരയൂ ഗ്രാമം വളരെ വരണ്ടകാലാവസ്ഥയിൽ അകപ്പെട്ടിരിക്കുന്നു.അവിടെ വളരെ പാവപ്പെട്ട ഒരു കുട്ടുംബമുണ്ടായിരുന്നു.വാസുദേവൻ ചേട്ടന്റെ വീട്.അദ്ദേഹത്തിന് രണ്ട് മക്കളായിരുന്നു.കൃഷിപ്പണിയെടുത്താണ് അവർ ജീവിച്ചിരുന്നത്.ഇപ്പോഴാകട്ടെ മഴപെയ്യാത്തതുകൊണ്ട് കൃഷിയും നടക്കുന്നില്ല.അങ്ങനെ ഒരു ദിവസം വാസുദേവൻ ചേട്ടൻ രാവിലെ പുറത്തേക്കിറങ്ങിയപ്പോൾ വളരെ സന്തോഷമായി. കാർമേഘം മൂടിക്കെട്ടിയ ആകാശവും തണുത്ത ഇളം കാറ്റും മനസ്സിനാകെ കുളിർമ്മയേകി.വാസുദേവൻ ചേട്ടൻ മക്കളായ ചിന്നുവിനേയും അമലിനേയും വിളിച്ചു.മക്കളേ....മക്കളേ... അവർ ഓടി വന്നു.എന്താ അച്ഛാ .......മക്കളെ ഇന്നു മഴപെയ്യും ഇനി നമുക്ക് കൃഷിചെയ്യാം.കഴിഞ്ഞവർഷം നമ്മൾ മഴ പ്രതീക്ഷിച്ച് കൃഷി നേരത്തേ ചെയ്തു.എന്നിട്ട് അതെല്ലാം ഉണങ്ങിപ്പോയി.ഇത്തവണ അങ്ങനെയൊന്നും സംഭവിക്കില്ല.വാസുദേവൻ പുറത്തേക്കിറങ്ങി നിന്നു.മഴത്തുള്ളികൾ ഒരോനോരോന്നായി വീഴാൻ തുടങ്ങി.അദ്ദേഹം ഭാര്യയെ വിളിച്ചു. എടീ......എടീ.....രമണി ഒന്നിങ്ങു വന്നേടീ മഴപെയ്യുന്നു.നമുക്ക് നാളെത്തന്നെ വിതക്കണം.

രമണിചേച്ചി പറഞ്ഞു നിലം ഉഴുതുമറിക്കുവാൻ അളുകളെ ഏർപ്പാടാക്കണം.രാത്രി മുഴുവനനും മഴ ചെയ്തു.വാസുദേവൻ ചേട്ടൻ രമണിചേച്ചിയെ വിളിച്ചു.രമണിചേച്ചി ചേദിച്ചു നിങ്ങൾ ഉറങ്ങിയില്ലേ മനുഷ്യാ..... ഇല്ല ടീ.....മഴ നല്ലവണ്ണം പെയ്യുന്നുണ്ട് ഇങ്ങനെ പേയാൽ നാളെ ഇവിടെ കുളമാകും.നിങ്ങൾ പോയിക്കിടന്നുറങ്ങ് നാളത്തെ കാര്യം നാളെ.....രമണി ചേച്ചി പറഞ്ഞുകൊണ്ട് പോയിക്കിടന്നുറങ്ങി.വാസുദേവൻ ചേട്ടനാണെങ്കിൽ ഉറക്കം വന്നില്ല.രാത്രി മൂന്നമണിയായയിക്കാണും വാസുദേവൻ ചേട്ടൻ രമണിചേച്ചിയെ വിളിച്ചു.എടീ രമണി

**എടിയേ....എഴിന്നേൽക്കു...... നമ്മുടെ വീട്ടിൽ വെള്ളം ......രമണി ചേച്ചിഞെട്ടി എഴുന്നേറ്റുനോക്കുമ്പോൾ അവിടെയെല്ലാം വെള്ളം നിറഞ്ഞുനിന്നിരുന്നു.പാതിരാവിൽ അവർ കയ്യിൽ കിട്ടിയ സാധനങ്ങളുമായി ഇരുട്ടിലേയ്ക്ക് എങ്ങോട്ടെന്നില്ലാതെ നടന്നു മറഞ്ഞു................................**

## വിങ്ങുന്ന ഹൃദയം

മഴയുടെ ഓർമ്മകളിൽ

വിങ്ങുന്നെന്റെ ഹൃദയതന്ത്രികൾ

ആർത്തുല്ലസിച്ച് കളിക്കുന്ന നേരത്തും

അറിഞ്ഞില്ല ഞാനാ മഴയുടെ വേദന

വേനലിൽ വെയിലേറ്റ വാടാതെ നിന്നൊരൻ

ഓർമ്മകൾ മഴയുടെ കുളിരേറ്റ വാടീടുന്നു

ആഴത്തിലിത്രയും താണിറങ്ങിപ്പോയ

വേരിനെ എങ്ങനെ ഞാൻ പറിക്കും

അകലങ്ങളിലേയ്ക്ക് നീ മറഞ്ഞ് പോകുമ്പോൾ

ഏകയായി ആർദ്രയായി നിൽപ്പൂസഞാനും

കൂട്ടുകാരികൾ

ശ്രേയ, ദേവിക, സൂര്യ

## കനോലി കനാലിലെ മണൽമാരലും പ്രത്യാഘാതങ്ങളും

ഏത് നദികളെപ്പോലെയും മണൽവാരൽ വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളും കനോലി കനാലിൽ അനുഭവപ്പെടുന്നു. വിവിധ പ്രകൃതിദത്തമായ കനാലുകളും തോടുകളും ബന്ധിപ്പിച്ച് ഇംഗ്ലീഷുകാരനായ കനോലി സായിപ്പാണ് ഈ കനാൽ നിർമ്മിച്ചത്. പ്രകൃതിദത്തമല്ലാത്തതുകൊണ്ട് ഈ കനാലിൽ ഉണ്ടാകുന്ന ചെറിയമാറ്റങ്ങൾ പരിസ്ഥിതി സുസ്ഥിരമായി ബാധിക്കുന്നു.ഞങ്ങളുടെ പഠനത്തിൽ വിവിധ പാരിസ്ഥിതിക , സാമൂഹ്യ, സാമ്പത്തിക മേഖലകളെ ഇവിടത്തെ മണൽവാരൽ ബാധിക്കും.

ജനസംഖ്യ വർദ്ധനവും ജനങ്ങളുടെ ആർഭാടജീവിതവും മണലിന്റെ ഉപഭോഗം ക്രമാതീതമായി ഉയർത്തുന്നു.മണ്ണിന്റെ സ്രോതസ്സായ നദികളെയാണ് മിക്കവാറും പ്രദേശങ്ങളിൽ ആശ്രയിച്ചിരിക്കുന്നത് കടലിന്റെ തീരപ്രദേശമായ ഇവിടത്തുകാർ ധാരാളമായി മണൽവഞ്ചികൾ ഉപയോഗിച്ച് വാരിയെടുത്തു.കനോലികനാലിന്റെ തീരത്തുള്ള പാടങ്ങൾ കൃഷി നിർത്തി തരിശാക്കിയിട്ടപ്പോൾ അവിടം നികത്തി തൈ വയ്ക്കുന്നതിനായി ധാരാളം മണ്ണ് ഉപയോഗിച്ചു.ആദ്യകാലത്ത് കനാലിന്റെ പല ഭാഗത്ത് കൂടെയും വേലിയിറക്ക സമയത്ത് ജനങ്ങൾ വഞ്ചിയില്ലാതെ കടക്കാമായിരുന്നു.ഏകദേശം 40 വർഷങ്ങൾവരെ ഈ സ്ഥിതി നിലവിലുണ്ടായിരുന്നു.ഇപ്പോൾ പല ഭാഗങ്ങളിലും പുഴയുടെ ആഴം 6 മീറ്ററോളം ഉണ്ട്. കെട്ടിടനിർമ്മാണത്തിൽ ഉപയോഗിക്കുന്ന ഒരു പ്രധാന അസംസ്കൃത വസ്തുവാണ് മണൽ. മരുഭൂമികൾ,നദികൾ കടൽത്തീരം എന്നിവിടങ്ങളിൽ മണൽ പൊതുവെ കാണപ്പെടുന്നു. കെട്ടിടനിർമ്മാണത്തിന് പ്രധാനമായും നദികളിൽ നിന്നെടുക്കുന്ന മണലാണ് ഉപയോഗിക്കുന്നത്.അനധികൃതമായ മണൽവാരൽ മൂലം നദികളിൽ സ്വാഭാവിക ഒഴുക്ക്

നഷ്ടപ്പെടുന്നു.കനാലിലെ അനധികൃത മണലെടുപ്പ് നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.ചിലയിടങ്ങളിൽ ഗർത്തങ്ങൾ രൂപപ്പെടാനും ആഴം കുറയുവാനും തന്മൂലം അപകടസാധ്യതകൾ വർദ്ധിക്കുവാനും ഇടയാകുന്നു.തികച്ചും സാധാരണക്കാർ വസിച്ചിരുന്ന കനോലികനാലിന്റെ പാർശ്വപ്രദേശങ്ങളിലെ ജനങ്ങൾ അവരുടെ ജീവിതത്തിന്റെ ഊടും പാവുമായിരുന്ന കനാൽ . ഈ കനാലിൽ മടൽ ചീയിച്ച് കയർ പിരിച്ച് ജീവിത മാർഗ്ഗം കണ്ടെത്തിയിരുന്ന ജനങ്ങൾ കനാലിന്റെ തീരപ്രദേശത്തുണ്ടായിരുന്നു. കനാലിന് ആഴം കൂടിയപ്പോൾ മടൽ മുക്കുവാനുള്ള സൗകര്യം ഇല്ലാതാവുകയും ഈ തൊഴിലിനെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

ഈ കനാലിലെ മത്സ്യസമ്പത്ത് സാരമായി കുറയാൻ മണൽവാരൽ കാരണമായി.വെട്ടൻ,കൊഞ്ച്,കുള്ളാൻ,മഞ്ഞക്കൂരി തുട

ങ്ങിയ മത്സ്യങ്ങൾ വംശനാശം സംഭവിച്ചു.

പുഴയുടെ മണൽവാരൽ മൂലം കക്കയുടെ നൈസർഗിക ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടുകയുണ്ടായി. മണലിനോടൊപ്പം കക്കകളും പോകുന്നതോടെ അവയുടെ വംശം ഒരു പരിധി വരെ നശിക്കുകയും ചെയ്തു.കക്ക വാരി ജീവിച്ചിരുന്നവരുടെ തൊഴിലിനെയും ഇത് ബാധിച്ചു.ജലത്തിലെ ഓക്സിജന്റെ അളവ് ആഴം ആഴം കൂടിയതുകൊണ്ടും ഒഴുക്ക് കുറയുന്നതുകൊണ്ടും കുറയുകയുണ്ടായി.മണൽവാരം മൂലം പുഴയുടെ ആഴം കൂടുന്നത് കൊണ്ട് പുഴയുടെ തീരപ്രദേശങ്ങളിൽ നിന്ന് മണ്ണിടിച്ചിലും ഉണ്ടായി. ദിവസത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഉണ്ടാകുന്ന വേലിയേറ്റവും മണ്ണിടിച്ചിലിന് കാരണമാകുന്നു.

നിയമം വഴി മണൽവാരൽ തടഞ്ഞിട്ടുണ്ടെങ്കിലും മണൽവാരൽ തടയുന്നത് കൊണ്ട് പോലീസിന് കൂടുതൽ അധികാരം കൊടുക്കുകയും ജനങ്ങളെ ബോധവൽക്കരിച്ച് കൂട്ടായ്മയിലൂടെ ഇത്

തടയേണ്ടതാണ് .നിയമം തെറ്റിക്കുന്നവർക്കെതിരെ കർശന നടപടികൾ എടുക്കുകയാണെങ്കിൽ ഒരു പരിധി വരെ മണൽവാരൽ കുറയ്ക്കാവുന്നതാണ്. കനോലികനാലിലെ മറ്റു പ്രശ്നങ്ങളാണ് കയ്യേറ്റവും മാലിന്യങ്ങളുടെ നിക്ഷേപവും.ഇരുവശത്തും താമസിക്കുന്ന ജനങ്ങൾ കനാലിന്റെ ഭാഗങ്ങൾ കയ്യേറുന്നതായി ഈയിടെ കണ്ടെത്തുകയുണ്ടായി.കക്കൂസ് മാലിന്യങ്ങൾ ,ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ നിക്ഷേപിക്കുന്നത് ഒരു നിത്യ സംഭവമായി മാറുന്നു.ഇതിനെതിരെ അധികൃതർ കണ്ണടയ്ക്കുന്നതും നമുക്കു കാണാം.

നമ്മുടെ കേരളത്തിന്റെ ജീവസുറ്റ നദിയായിരുന്നു ഒരിക്കൽ ഭാരതപ്പുഴ.നിള എന്ന പേരിലും അറിയപ്പെടുന്ന ഈ നദി കേരളസംസ്കാരത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.കവികളെല്ലാം പാടിപ്പുകഴ്ത്തിയ നദിയാണിത്.എന്നാൽ നദിയ്ക്ക് ഇന്ന് തേജസ് കാണുന്നില്ല.ഇതിൽ നിന്ന് നാം ഒരു കാര്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു.നദികളും,കായലുകളും,കനാലുകളും നമ്മുടെ മണ്ണിനെ ജീവസ്സുറ്റതാക്കുന്ന നീർച്ചാലുകളാണ്

ആദിത്യൻ സി .ആർ

അഭിലാഷ് പി .ആർ

**XC**

# യു പി വിഭാഗം ഡിജിറ്റൽ പെയിന്റിങ്ങ്



**Udith Krishna**
**VI C**

## ദിനാചരണങ്ങളിൽ നിന്ന്















ശ്രേയ പി എസ്

**VIII C**

## ചെല്ലപ്പെട്ടി

കിച്ചു ഒരു വികൃതി കുട്ടനായിരുന്നു. അവന്റെ വീട്ടിലായിരുന്നു മുത്തശിയും താമസിച്ചിരുന്നത്. അവൻ മുത്തശ്ശിയെ എപ്പോഴും ചീത്തപറയുമായിരുന്നു.ഒരു ദിവസം വളരെ സങ്കടത്തോടെയാണ് അവൻ സ്കൂളിൽ നിന്നും വന്നത്. അമ്മ കാരണം ചോദിച്ചപ്പോൾ അവൻ പറഞ്ഞു ഞങ്ങളുടെ സ്കൂളിൽ നാളെ ഒരു പുരാവസ്തു എക്സിബിഷൻ മത്സരമുണ്ട്. എല്ലാ കുട്ടികളും അതിൽ പങ്കെടുക്കുന്നുണ്ട്. എനിക്ക് മാത്രം ഒന്നും കൊണ്ട് പോകാനില്ലല്ലോ അമ്മേ? .ഇത് കേട്ട് മുത്തശ്ശി തന്റെ ചെല്ലപ്പെട്ടിയുമായി വന്നു. മോനെ കിച്ചു നാളെ നീ ഈ ചെല്ലപ്പെട്ടി കൊണ്ടുപൊയ്ക്കോളൂ.കിച്ചുവിന് സന്തോഷമായി.പിറ്റേന്ന് വൈകുംനേരം കിച്ചു സ്കൂൾ വിട്ട് വന്നപ്പോൾ അവന്റെ കൈയ്യിൽ ഒരു വലിയ ട്രോഫിയുമുണ്ടായിരുന്നു. കിച്ചു ഓടിവന്ന് മുത്തശ്ശിയെ കെട്ടിപിടിച്ചു. എന്നിട്ട് പറഞ്ഞു തുടങ്ങി മുത്തശ്ശിയുടെ ഈ ചെല്ലപ്പെട്ടിക്കാ ഒന്നാം സമ്മാനം. പിന്നെ അതും കൊണ്ട് വീടിനകത്തേയ്ക്ക് ഓടി പോയി. പിന്നീട് ഒരിക്കലും കിച്ചു മുത്തശ്ശിയെ ചീത്തപറഞ്ഞിട്ടില്ല.

മേഘ എം എച്ച്

**VIII C**

## മഴവില്ല്

ആകാശത്തൊരു മഴവില്ല്

എന്തൊരു നല്ല മഴവില്ല്

ഏഴുവർണ്ണങ്ങളുള്ള സുന്ദരമായൊരു മഴവില്ല്

മഴയും വെയിലും ഉണ്ടാകുമ്പോൾ

ജന്മമെടുക്കും മഴവില്ല്

ആരുകണ്ടാലും കൊതിച്ചുപോകും

സുന്ദരമായൊരു മഴവില്ല്

എല്ലാവരുടേയും മനസ്സിൽ പുഞ്ചിരി-

വിടർത്തും നന്മനിറഞ്ഞൊരു മഴവില്ല്

ഏപ്പോഴും പുഞ്ചിരിച്ചുനിൽക്കും മനോഹരമായ മഴവില്ല്

പ്രകൃതിയുടെ ഭംഗിനിറഞ്ഞൊരു-

കലാവിരുതാണി മഴവില്ല്

ആദർശ് എം ആർ

**IX C**

## പ്രകൃതി

ഓരോരോ വർണ്ണങ്ങളിലും

സുഗന്ധങ്ങളിലും

ഞാൻ അറിയുന്നു നിന് സൗരഭ്യം

ഓരോ പകലിലും രാവിലും

ഞാൻ കാണുന്നു നിൻ രൂപം

ഓരോ ചുവടിലും

ഞാൻ അറിയുന്നു നിന്റെ സ്വപ്നം

നീയറിയാതെ ഞാൻ നിന്നെ അറിയുന്നു

നീ കാണാതെ ഞാൻ നിന്നെ കാണുന്നു

ഇനിയെങ്കിലും അറിയുക മർത്ത്യാ-

ഞാനാണ് നിന്റെ പ്രകൃതി.

## MY FIRST LOVE

My first love, my first teacher
My first crush, my first friend
My mom ...........
Her love like waves
Her Boundless love attract me
Every day every time
Every minute and every second.
My mother, that's my world



She always care me.
A mother is a ordinary women
Who never think about her
happiness.
My love, its never ends.
Love you mom

Anjana C D

IX A

## ജില്ലാ ,സംസ്ഥാനതല പ്രതിഭകൾ









# फूल

बहुत अच्छा फूल सुन्दर फूल

बहुत अच्छा फूल सुन्दर फूल

लाला, पिला रंग को फूल

मेरा उपवन को मेरा फूल

मेरा उपवन को मेरा फूल

सुन्दर सुगंध फूल फूल

मेरा उपवन को फूल

सुन्दर फूल सुन्दर फूल

मेरा उपवन को मेरा फूल

मेरा उपवन मधुमखी को घर है

आओ आओ मधुमखी ओर तित्तली रानि

मेरा उपवन को आओ आओ ।

गौरिनन्दना के जी
IX A




HEADMASTER
OFFICE

## वर्णमाला गीतम्

कमलं विकसति सुन्दरं-सरसि क घ ग घ

चटकः गायति चिव् चिव् गीतम्  च छ ज झ

टण् टण् नादं करोति घण्टा ट ठ ड ढ

तरवः - शाखा हरिता हरिता त थ द ध

पश्यन्तु च तान् लघु लघु मत्स्यान् प फ ब भ

यत्र तत्र रे चित्रपतङ्गा य र ल व

शशको धावति कुर्दति श ष स ह

पठन्तु सर्वे वदन्तु सर्वे क च ट त प

लालल्ल लालल्ल लालल्ल ला ला

लल्ल ला लालल्ल ला ललल्ला ला

भाग्यलक्ष्मी टी जी
षष्टमी कक्ष्या.

## श्रीबुद्धदर्शने अष्टाङ्गमार्गविचारः

### अष्टाङ्गमार्गाः

सम्यक् दृष्टि, सम्यक् सङ्कल्पः, सम्यक् वाक्, सम्यक् कर्मः, सम्यक् आजीवम्, सम्यक् व्यायामम्, सम्यक् स्मृति, सम्यक् समाधि एतदेव अष्टाङ्गमार्गाः।दुःखनिवारणार्थम् ज्ञानप्राप्त्यर्थं एते मार्गाः पालनीयाः भवन्ति।

### सम्यक् दृष्टिः

पुरोदृश्यमान प्रपञ्चस्य सम्यक् वाक्षणमेव सम्यक् दृष्टिः।पुरोदृश्यमानं सर्वं नित्यमिति चिन्ता परिवर्तनीय।यदा प्रपञ्चस्य क्षणिकस्वभावं पश्यति तदा तस्मिन् आसक्तिः नश्यति। अनासक्तबुद्ध्या लोकविचारेण तस्य क्षणिकत्वं अवगन्तुं शक्यते।सत्यं ज्ञातुं सम्यक् दृष्टिः एव आवश्यकम्।वेदान्तिनां मते एतदेव नित्यानित्यवस्तु विवेकः इति पदेन लक्ष्यते।

### सम्यक् सङ्कल्पः

सम्यक् दृष्टेः फलरूपेण सम्यक् सङ्कल्पः उपजायते।स्वस्य ऐश्वर्यं अधिकारः च वर्धयितुं इच्छा तत्पूर्तीकरणे आत्मानं तथा अन्येषामपि हानिः करिष्यन्ति।अतः कामभोगेषु बद्धतां विना अन्येषां पुरतः पूर्णमैत्रीं तथा सुखेषु तात्पर्यः च शुद्धसङ्कल्पेन लक्ष्यते।

### सम्यक् वाक्

अनृतभाषणम्, भत्सनम्, वृथा प्रलपनम् इत्यादि दुर्वाक्यानि समुदायरञ्जनस्य विघाताय भवेत्।तद्वारा हिंसायाः कारणम् भविष्यति।अतः सत्यं परस्परस्नेहवर्धकम् प्रियम् मितभाषणं च पालनीयम्।एतदेव सम्यक् वाक् इत्यनेन सूचयति।

### सम्यक् कर्म

जीवहिंसा, अस्तेयम्, अव्यभिचारिता च समाचे अत्यन्तं दोषाय भवेत्।अतः तादृशानि कुचेष्टितानि परित्यज्य जनानां मङ्गलदायिकाः कायिकधर्माः आचरणीयम्।एतदेव सम्यक् कर्मः इति श्रीबुद्धदेवः अनुशासयति।

## सम्यक् आजीवम्

लोके अत्यन्त उद्देश्यशुद्धतया निर्मलजीवनम् एव सम्यक् आजीवम्।श्रीबुद्धदेवः शीलस्य अत्यन्तं महत्तरं स्थानम् परिकल्पितम् अस्ति।अहिंसा आचरणीयम्।अशरणानां पुरतः निस्वार्थ सहायत्वेन वर्तव्यम्।स्वस्वदुःखनिवृत्तिवत् अन्येषामपि दुःखनिवृत्ते स्थानं परिकल्पनीयम्।परद्रोहं विना आजीवं करणीयम्।कापट्यरहित विशुद्धम् आजीवनमार्गम् स्वीकृत्य जीवनमेव सम्यक् आजीवम्।

## सम्यक् व्यायामम्

अत्र व्यायाम पदेन केवलं शारीरस्य व्यायामं न लक्ष्यते किन्तु मानसीकं व्यायमं एव निर्दिष्टम्।सङ्कल्पविकल्पात्मकं मनसि कदापि दुष्टविचाराणां अविर्भावः भवेत्।यदा मनसि तादृशविचाराः आगच्छन्ति तदा तत् निरासः करणीयम्।सद् विचाराः वर्धनीयम्।

## सम्यक् स्मृति

शरीरं अशुद्धपदार्थैः निर्मितमिति विवेकः आवश्यकम्(शीर्यते अनेन इति शरीरम्) शरीरे जायमान् सुखदुःखान् प्रति पुनः पुनः विचारः न करणीयम्।इन्द्रियाणि तथा तत्जन्यविषयेभ्यः कीदृशं बन्धाः उत्पद्यन्ते तादृश बन्धान् कथं निरासं करणीयम् इत्यादि विषयाः स्वमनसा विचारणीयम्। तदेव सम्यक् स्मृति।

## सम्यक् समाधि

मनसः एकाग्रता एव समाधिःचित्तैकाग्र्येण चतुर्विध ध्यानानां अनुष्ठानमेव सम्यक् समाधिः। श्रीपदञ्चलि महर्षिणा शास्त्रोक्त समाधिरेव अत्र निर्वाणप्रदम् भवति।

अध्यापकः

विवेकः एम् वी

एच् एस् एस् पनङ्गाट्